ജലശുദ്ധീകരണശാലയ്ക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിനും വിതരണ കഴലുകൾ സ്ഥാപിക്കുന്നതിനുമായി പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രകാരം 4 കോടി രൂപയുടെ എസ്റ്റിമേറ്റ് എസ്.എൽ.എസ്.സി.-യിൽ സമർപ്പിക്കുവാൻ കേരള വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചുവരുന്നു. റോ വാട്ടർ പമ്പ് ഹൗസിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ കഴിഞ്ഞാൽ ആറനാട് പ്രദേശത്തേക്ക് ശുദ്ധജല വിതരണം നടത്താൻ സാധിക്കുന്നതാണ്.

(ബി) മേൽ പ്രസ്താവിച്ച 4 കോടി രൂപയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനും 250 കെ.വി.എ. ട്രാൻസ്ഫോർമറിനുമായുള്ള 42 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(സി) പ്രസ്തുത പദ്ധതി 2015-ലെ എസ്.എൽ.എസ്.എസ്.സി.-യുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) മാർച്ച് 2016-ൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാൻ സാധിക്കും (സോൺ-1). എല്ലാ ഘടകങ്ങളുമുൾപ്പെടെ പദ്ധതി 2018-19-ൽ പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്.

നദികളിലെ മണൽവാരൽ

178(2647) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം നദികളിൽ നിന്നാണ് മണൽ വാരുന്നതിനുള്ള അനുവാദം നൽകിയിട്ടുള്ളതെന്നും ഇതിനു നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്തൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) നദികളിലെ മണലിന്റെ ലഭ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ നദിയിലും ഇത് സംബന്ധിച്ച് കണ്ടെത്തിയ വസ്തുതകൾ വ്യക്തമാക്കുമോ;

(സി) പുഴകളിലെ മണൽ ഖനനം സംബന്ധിച്ച് ഏതൊക്കെ വകുപ്പുകൾക്കാണ് നിയന്ത്രണാധികാരങ്ങൾ ഉള്ളതെന്നു വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പമ്പ, പെരിയാർ, കടലുണ്ടി, ഇത്തിക്കര, ചാലിയാർ, മൂവാറ്റുപുഴ എന്നീ നദികളിൽനിന്ന് അടുത്ത മൂന്ന് വർഷത്തേക്ക് വ്യവസ്ഥകൾക്ക് വിധേയമായി മണൽ ഖനനം ചെയ്യുന്നതിന് അനുമതി നൽകുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വ്യവസ്ഥകൾ താഴെ ചേർക്കും പ്രകാരമാണ്.

1. SEIAA-യുടെ പാരിസ്ഥിതികാനുമതി ലഭ്യമായശേഷം മണൽ ഖനനം നടത്താവുന്നതാണ്.
2. മണൽ ഖനനം നടത്തേണ്ടത് ഘട്ടംഘട്ടമായാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.
3. നദികളിൽ ഓരോ മൂന്നുവർഷം കൂടുമ്പോഴും സാന്റ് ആഡിറ്റിംഗ് നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം ഖനനം ചെയ്യാവുന്ന മണലിന്റെ അളവ് പുതുക്കി നിശ്ചയിക്കാവുന്നതാണ്.
4. സമ്മർ വാട്ടർ ലെവലിംഗിന് മുകളിലുള്ള മണലാണ് വാരാവുന്നത്. ആകെ മണലിന്റെ മൂന്നിലൊന്ന് വീതം ഓരോ വർഷവും വാരാവുന്നതാണ്.

(ബി) കേരളത്തിലെ 20 നദികളിൽ സാന്റ് ആഡിറ്റിംഗ് നടത്തുന്നതിന് ഈ മേഖലയിൽ പ്രാവീണ്യമുള്ള വ്യത്യസ്ത സ്വകാര്യ ഏജൻസികളെ നിയോഗിക്കുകയും, 14 നദികളുടെ സാന്റ് ആഡിറ്റിംഗ് റിപ്പോർട്ടുകൾ NCESS, CWRDM ഇവയിൽ ഏതെങ്കിലും പരിശോധിച്ചശേഷം റിവർ മാനേജ്മെന്റ് സെൽ ശിപാർശയോടെ സർക്കാരിൽ സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് ആധാരമാക്കി നദികളിലെ മണലിന്റെ ലഭ്യത സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. പമ്പ, പെരിയാർ, കടലുണ്ടി, ഇത്തിക്കര, ചാലിയാർ, മൂവാറ്റുപുഴ എന്നീ നദികളിൽനിന്ന് അടുത്ത മൂന്ന് വർഷത്തേക്ക് മണൽ ഖനനം അനുവദിച്ചുകൊണ്ടും, മണൽലഭ്യത കുറവായ കബനി, കുറ്റ്യാടി, കല്ലട, നെയ്യാർ, വാമനപുരം, ചന്ദ്രഗിരി, അഞ്ചരക്കണ്ടി, കരുവന്നൂർ എന്നീ നദികളിൽ മണൽവാരൽ നിരോധിച്ചുകൊണ്ടും ഇതിനോടകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഓരോ നദിയിലും പഠനത്തിലൂടെ വെളിയായ വസ്തുതകൾ ആധാരമാക്കിയാണ് മണൽ ഖനനത്തിന് അനുമതി നൽകിവരുന്നത്.

(സി) പുഴകളിലെ മണൽ ഖനനം സംബന്ധിച്ച നിയന്ത്രണാധികാരം മുഖ്യമായും റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്.